പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **322** — 11.06.2012 ൽ മറുപടിയ്ക്ക്

**പോലീസ് പീഢനത്തിൽ മനംനൊന്ത് ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | പോലീസ് പീഢനത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത കിളിമാനൂർ സ്വദേശിയും ആദിവാസിവിഭാഗത്തിൽപ്പെട്ട ബാങ്ക് ജീവനക്കാരനുമായ സുധാകരന്റെ മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം സംബന്ധിച്ച് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | കിളിമാനൂർ സ്വദേശി സുധാകരൻ മരണപ്പെട്ടതിലേയ്ക്ക് കിളിമാനൂർ പോലീസ് സ്റ്റേഷൻ ക്രൈം 1172/11 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. ടി അന്വേഷണത്തിൽ ടിയാൻ ആത്മഹത്യ ചെയ്തതായി വെളിവായിട്ടുള്ളതും, ഇതു സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. മരണപ്പെട്ട സുധാകരന്റെ ഭാര്യ സിന്ധു പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ മദ്യപിച്ച് ബസ്സിൽ ബഹളമുണ്ടാക്കിയതിനെ തുടർന്ന് പോലീസ് സ്റ്റേഷനിൽ പോകേണ്ടി വന്ന വിവരം ഭാര്യയും മക്കളും ബന്ധുക്കളും അറിഞ്ഞതിലുള്ള മാനഹാനിയിലും മനോവിഷമത്തിലുമാണ് ടിയാൻ കെട്ടിത്തൂങ്ങി മരണപ്പെടാൻ ഇടയായിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. |
| (ബി) | സുധാകരന്റെ കുടുംബത്തിന് എന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ആഭ്യന്തര വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | മണ്ണന്തല പോലീസ് സ്റ്റേഷനിൽ വച്ചുണ്ടായ സംഭവത്തിൽ പ്രസ്തുത സ്റ്റേഷനിൽ ജോലി ചെയ്തിരുന്ന പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) | സുധാകരന്റെ മരണത്തിൽ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പങ്കില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ